**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1811** **11-10-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും പരിഷ്കരിക്കുന്ന കാര്യം പരിശോധിക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കുകയും 01.01.2022 മുതൽ പ്രസ്തുത പരിഷ്കാരത്തിന്റെ സാമ്പത്തിക ആനുകൂല്യം നൽകുകയും ചെയ്തിട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പെൻഷൻ തുക കണ്ടെത്താൻ കഴിയാത്തതിനാൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം മുഖേനയാണ് പെൻഷൻ വിതരണം ചെയ്യുന്നത്. സാമ്പത്തിക പ്രതിസന്ധി കാരണം പെൻഷൻ പരിഷ്കരണം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ പെൻഷൻകാർക്ക് ഇടക്കാല ആശ്വാസമായി 1500/- രൂപ നൽകി വരുന്നു. |
| (ബി) | പെട്രോൾ, ഡീസൽ വില വർദ്ധനവ് കണക്കിലെടുത്ത് കൂടുതൽ ഇലക്ട്രിക്ക് ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | നിലവിൽ പരിഗണനയിലില്ല. |
| (സി) | സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള ലോഫ്ലോർ എ.സി. ബസ്സുകളുടെ എണ്ണം എത്രയാണെന്ന് വെളിപ്പെടുത്താമോ; ഇതിൽ സർവ്വീസുകൾ നടത്തുന്നവ എത്രയാണെന്ന് വ്യക്തമാക്കാമോ; | (സി) | കെ.എസ്.ആർ.ടി.സി.യിൽ 165 ലോഫ്ലോർ എ.സി. ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. നിലവിൽ 114 ലോഫ്ലോർ എ.സി. ബസുകൾ സർവ്വീസ് നടത്തുന്നു. |
| (ഡി) | കെ.എസ്.ആർ.ടി.സി അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര സർവ്വീസുകളാണെന്ന് വ്യക്തമാക്കുമോ; | (ഡി) | നടത്തുന്നുണ്ട്. കർണ്ണാടക, തമിഴ്നാട് എന്നീ അയൽ സംസ്ഥാനങ്ങളുമായും കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയുമായും രൂപീകരിച്ചിട്ടുള്ള ഗതാഗത കരാറുകൾ പ്രകാരം 415 അന്തർ സംസ്ഥാന സർവീസുകൾ നിലവിലുണ്ട്. |
| (ഇ) | പത്തുവർഷം പഴക്കമുള്ള ഡീസൽ വാഹനങ്ങൾ റോഡിൽ നിന്ന് ഒഴിവാക്കണമെന്ന കേന്ദ്ര നിർദ്ദേശം നടപ്പിലാക്കാനായിട്ടുണ്ടോ ; അന്തരീക്ഷ | (ഇ) | പതിനഞ്ച് വർഷം പഴക്കമുള്ള ഡീസൽ വാഹനങ്ങളാണ് റോഡിൽ നിന്ന് ഒഴിവാക്കുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം ഉത്തരവ് |

| | | | |
|---|---|---|---|
| | മലിനീകരണം തടയുന്നതിനും റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനും പാലിക്കേണ്ട ഈ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ; | | പുറപ്പെടുവിച്ചിട്ടുള്ളത്. 28/09/2024-ലെ സ.ഉ. (സാധാ) നം. 389/2024/TRANS ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി.യുടെ അധീനതയിലുള്ള 15 വർഷം കഴിഞ്ഞ വാഹനങ്ങളുടെ രജിസ്ട്രേഷൻ കാലാവധി Certificate of Fitness പുതുക്കുന്നതിനുള്ള അനുമതിയോടു കൂടി 30.09.2026 വരെ നീട്ടി നൽകിയിട്ടുണ്ട്. |
| (എഫ്) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും എല്ലാ മാസവും 10-ാം തീയതിക്കു മുമ്പ് നൽകുവാൻ നടപടി സ്വീകരിക്കുമോ; അവ ഘട്ടംഘട്ടമായി നൽകുന്ന രീതി അവസാനിപ്പിക്കുമോ? | (എഫ്) | നടപടി സ്വീകരിക്കുന്നതാണ്.<br><br>സെപ്റ്റംബർ മാസത്തെ ശമ്പളം ഒറ്റത്തവണയായാണ് നൽകിയത്. തുടർന്നുള്ള മാസങ്ങളിലും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഒറ്റത്തവണയായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ